# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2089** **11.02.2020-ൽ മറുപടിക്ക്**

## കൊറോണ വൈറസ് രോഗബാധ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്ത് കൊറോണ വൈറസ് രോഗബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;<br>**ബി)** ഇതിനായി പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | **എ) യും ബി) യും** കൊറോണ രോഗബാധിതരെ പ്രത്യേകം ഐസൊലേറ്റ് ചെയ്ത് ചികിത്സിക്കാൻ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ജില്ല/ജനറൽ ആശുപത്രികളിലും സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ മരുന്നും വ്യക്തിഗത സുരക്ഷാ ഉപാധികളും മറ്റ് അനുബന്ധ സാമഗ്രികളും ഉറപ്പാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഐസൊലേഷൻ റൂമുകളിൽ വെന്റിലേറ്റർ സൗകര്യവും ഐ.സി.യു സൗകര്യവും ലഭ്യമാക്കി വരുന്നു. ഈ ആശുപത്രികളിൽ ഒരു നോഡൽ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| **സി)** സംസ്ഥാനത്ത് നിപ്പ വൈറസിനെ പ്രതിരോധിച്ചതുപോലെ കൊറോണ വൈറസും പടർന്നു പിടിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | **സി)** നിപ വൈറസ് ബാധ നിയന്ത്രണ വിധേയമാക്കിയ അനുഭവത്തിന്റെ വെളിച്ചത്തിൽ കൊറോണ രോഗബാധയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നു.<br>ചൈനയിൽ ഈ രോഗം സ്ഥിരീകരിച്ചത് അറിഞ്ഞ ഉടൻ സംസ്ഥാന തലത്തിൽ ദ്രുതകർമ്മസേന (RRT) പ്രത്യേകയോഗം ചേരുകയും, ലോകാരോഗ്യസംഘടനയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ആവശ്യമായ ഗൈഡ് ലൈൻ തയ്യാറാക്കി ജില്ലകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു. സംസ്ഥാന-ജില്ലാ തലങ്ങളിൽ കൺട്രോൾ റൂമുകൾ തുറന്നു. രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തിയവരേയും അവരോട് |

സമ്പർക്കമുണ്ടായവരേയും വീട്ടുകളിലും ആശുപത്രികളിലും പ്രത്യേകം പാർപ്പിച്ച് നിരീക്ഷിക്കുകയും ചെയ്തു വരുന്നു. രോഗനിരീക്ഷണം, ചികിത്സ, സ്ഥിരീകരണം, പ്രതിരോധം, ബോധവത്കരണം മുതലായ പ്രവർത്തനങ്ങൾ അതീവ ജാഗ്രതയോടെ നടത്തി വരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിലും, ജില്ല, ജനറൽ ആശുപത്രികളിലും പ്രത്യേകം ഐസൊലേഷൻ വാർഡുകൾ സജ്ജീകരിച്ചു. ഇതര വകുപ്പുകൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

**ഡി)** ഇത്തരം രോഗങ്ങൾക്ക് കാരണമാകുന്ന വൈറസുകളെ കണ്ടെത്തുന്നതിന് പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ സംസ്ഥാനത്ത് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ?

**ഡി)** പൂനെയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആലപ്പുഴയിലെ യൂണിറ്റിൽ കൊറോണ വൈറസ് രോഗ സ്ഥിരീകരണം നടത്തുവാൻ ഇപ്പോൾ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി" ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**